# ‘ദി ക്രെഡിറ്റ്’ ഓഫ്
# ജമാഅത്തെ ഇസ്‌ലാമി

ഇ. യൂസുഫ് സാഹിബ് നദ്‌വി

വിശ്വാസികൾക്കും സമൂഹത്തിനും (ഇസ്‌ലാമിനും ജമാഅത്തിനും) പരിചയമില്ലാത്ത അഭിപ്രായങ്ങൾ അടിച്ചേൽപ്പിക്കുവാനുള്ള ഗൂഢശ്രമങ്ങളിലൂടെ കുപ്രസിദ്ധിയാർജ്ജിച്ചവാരണ് ഷീഈ–ഇഖ്‌വാൻ–മൗദൂദി സഖ്യങ്ങൾ. ഖുർആനിന്റെ വാചകങ്ങൾക്ക് പ്രവാചകന്റെയും ഉത്തമരായ അനുയായികളുടെയും കാലംമുതൽ വിശദീകരിച്ചുവന്ന യാഥാർത്ഥ്യങ്ങൾക്ക് വിരുദ്ധമായി ദുർവ്യാഖ്യാനങ്ങളും രാഷ്ട്രീയ ലക്ഷ്യങ്ങളും നൽകിയപ്പോൾ പ്രഥമരൂപീകരണ യോഗത്തിൽ പങ്കെടുത്ത നിരവധി പ്രമുഖർ കൂടുവിട്ട അനുഭവം ഇവരിൽ മൗദൂദിസത്തിന് മാത്രം സ്വന്തം. ലോകചരിത്രത്തിൽ ഒരു സംഘടനക്കും പ്രസ്ഥാനത്തിനും അഭിമുഖീകരിക്കേണ്ടി വന്നിട്ടില്ലാത്ത ദുർഗതിയാണ് മൗദൂദിക്കും സ്വന്തം ജമാഅത്തിനും അഭിമുഖീകരിക്കേണ്ടി വന്നിട്ടുള്ളത്. മൗദൂദിയുടെ തൂലികയിൽ വശംവദരായി ജമാഅത്തിന്റെ ഒന്നാംനിരയിൽ എത്തിച്ചേർന്ന നിരവധി പ്രമുഖർ മൗലാനയുടെ ജീവിതകാലത്തു തന്നെ നേതാവിനേയും സംഘടനയേയും തള്ളിപ്പറഞ്ഞ് പുറത്തുപോയതിന്റെ ക്രെഡിറ്റ് ജമാഅത്തിനും മൗദൂദിക്കും മാത്രം സ്വന്തം.

ജമാഅത്തെ ഇസ്‌ലാമിയുടെ രൂപീകരണ യോഗത്തിൽ അസിസ്റ്റന്റ് അമീർ പദവി സ്വീകരിച്ച ലഖ്നൗവിലെ മൗലാനാ മൻസൂർ നുഅ്മാനി മൗദൂദിയുടെ ഉറ്റ വലംകയ്യും മുഖ്യഉപദേശകനുമായിരുന്നു. പൂർവ്വസൂരികൾക്ക് വിരുദ്ധമായി ഖുർആനിനെയും ഇസ്‌ലാമിലെ കർമ്മാനുഷ്ഠാനങ്ങളെയും മുൻനിർത്തി മൗദൂദി ദുർവ്യാഖ്യാനം ചെയ്തപ്പോൾ ഇദ്ദേഹം സംഘടനയെ തള്ളിപ്പറഞ്ഞ് രാജിവെച്ച് പുറത്തുപോയി. മാത്രമല്ല, മൗദൂദിയുടെ നയവൈകല്യങ്ങളെ വിമർശിച്ചുകൊണ്ട് ഒരു ഗ്രന്ഥം രചിക്കുകയും ചെയ്തു.

സംഘടനയുടെ പ്രമുഖ നേതാക്കളിൽ ഒരാളായിരുന്നു മൗലാനാ അബുൽ ഹസൻ അലി നദ്‌വി. ലക്നൗവിന്റെ പ്രാദേശിക അമീറായി മൗദൂദി തന്നെ നദ്‌വിയെ നേരിട്ട് നിയമിക്കുകയായിരുന്നു. നയവൈകല്യങ്ങൾക്ക് കൃത്യമായ വിശദീകരണം നൽകാൻ മൗദൂദി പരാജയപ്പെട്ടപ്പോൾ നദ്‌വി സംഘടനയിൽ നിന്നും രാജിവെച്ചു. മൗദൂദിയുടെ നിലപാടുകളെ വിമർശിച്ചുകൊണ്ട് നദ്‌വി സാഹിബ് രചിച്ച ഗ്രന്ഥങ്ങൾ മലയാളത്തിലും ലഭ്യമാണ്.

ഹനഫി, ശാഫിഈ, സൂഫീ, ബറേലവി കക്ഷികളെ ഒരു ചങ്ങലയിൽ ഇണക്കിക്കൊണ്ടുള്ള മൗദൂദിയുടെ സംഘടനാ രൂപീകരണത്തെ സ്വാഭാവികമായും സൂഫീ പശ്ചാത്തലത്തിൽ ജനിച്ചുവളർന്ന നദ്‌വി സാഹിബ് സ്വാഗതം ചെയ്യേണ്ടതായിരുന്നു. പ്രത്യേകിച്ചും ചിശ്തി ത്വരീഖത്തുമായി പരമ്പരാഗത ബന്ധമുണ്ടായിരുന്ന മൗദൂദിയോട്. എന്നാൽ ‘‘പൈതൃകമായി ലഭിച്ച സൂഫീ ചിന്താഗതിയുമായി നദ്‌വിക്ക് ജമാഅത്തിൽ പൊരുത്തപ്പെട്ടുപോകാൻ കഴിയാത്തതാണ് ...’’(ഇസ്‌ലാമിക വിജ്ഞാനകോശം, ഐ.പി.എച്ച് 1995, വാല്യം 1, പേജ് 520) സംഘടനയെ ഉപേക്ഷിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതെന്ന കേരളമൗദൂദികളുടെ ഇജ്തിഹാദ് ഏറെ അപഹാസ്യമാണ്.

സയ്യിദ് മുഹമ്മദ് ജഅ്ഫർ നദ്‌വി, ഖമറുദ്ദീൻ ഖാൻ, ഖാസി അബ്ദുൽജബ്ബാർ സാഹിബ്, ഹകീം അബ്ദുൽറഹീം അശ്റഫ്, അബ്ദുൽ ഗഫാർ ഹസൻ സാഹിബ്, ഡോ. അസ്‌റാർ അഹ്‌മദ്, മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹി, പ്രമുഖ പണ്ഡിതനും നിരവധി ഗ്രന്ഥങ്ങളുടെ കർത്താവുമായ വഹീദുദ്ദീൻ ഖാൻ, ഹകീം ഉബൈദുല്ലാഖാൻ, മദ്രാസ് മുഫ്തി സിബ്ഗത്തുല്ലാ ബഖ്തിയാരി തുടങ്ങിയ നിരവധി പ്രമുഖർ സംഘടന വിട്ടവരിൽ ഉൾപ്പെടുന്നു. ഖുർആനിലെ പ്രയോഗങ്ങൾക്ക് ദുർവ്യാഖ്യാനം നൽകി തിരിമറി കാട്ടിയതിലും നവീന ആശയങ്ങൾക്ക് അനുസൃതമായി ദീനിനെ വളച്ചൊടിക്കാൻ മൗദൂദി ശ്രമിച്ചതിലും പ്രതിഷേധിച്ചായിരുന്നു ഇവർ സംഘടന വിട്ടത്. ഇവരെപ്പോലെ ആയിരങ്ങൾ പിന്നാലെ.

‘‘സംഘടനകളിലും പ്രസ്ഥാനങ്ങളിലും ചേരുകയും പിരിഞ്ഞുപോകുകയും ചെയ്യാറുള്ളത് നമുക്ക് അറിവുള്ളതും അനുഭവമുള്ളതുമാണ്. പിരിഞ്ഞുപോയവർ പിന്നീട് സംഘടനയുടെ എതിരാളികളായി മാറാനും സാധ്യതയുണ്ട്. എന്നാൽ സ്ഥാപക അംഗങ്ങളുടെ വിശിഷ്യാ ഖുർആനിലും സുന്നത്തിലും അഗാധപാണ്ഡിത്യമുള്ളവർ തുടർച്ചയായി വൻതോതിലുള്ള ഒഴിച്ചുപോക്കിന് സാക്ഷിയായ ജമാഅത്തെ ഇസ്‌ലാമിക്ക് വന്ന ദുർഗതി സംഘടനകളുടെ ചരിത്രത്തിൽ ഉദാഹരണങ്ങൾ കണ്ടെത്താൻ പ്രയാസമാണ്. ഒരു ഉദാഹരണം പോലും കണ്ടെത്താൻ കഴിഞ്ഞില്ലെന്ന് വരാം...’’ എന്ന് മൗലാനാ അബുൽഹസൻ അലി നദ്‌വി തുറന്നെഴുതുന്നതിന്റെ കാരണം സംഘടനയിൽ അധികാരമോ ഭൗതീകനേട്ടങ്ങളോ ലഭിക്കാത്തതല്ല. മറിച്ച് മതത്തിന് മൗദൂദി നൽകിയ രാഷ്ട്രീയ ദുർവ്യാഖ്യാനങ്ങളുടെ ഗൗരവമാണ്.

മതേതര ജനാധിപത്യ ചുറ്റുപാടിൽ ഖുതുബാത്ത് ഉയർത്തിവിടുന്ന ഭീഷണിയെപ്പറ്റി ഒരുവേള ജമാഅത്തുകാർ പോലും ബോധ്യവാന്മാരാണ്. ഇതിന് പലപ്പോഴും അവർ മുൻകൂർ ജാമ്യം സ്വീകരിക്കുന്നതും കാണാം. സ്വാതന്ത്ര്യത്തിന് മുമ്പ് ബ്രിട്ടീഷ് ആധിപത്യകാലത്ത് പ്രത്യേക സാഹചര്യത്തിൽ രചിക്കപ്പെട്ടതാണ് ‘ഖുതുബാത്ത്’ എന്ന് ഒഴിവ്തിരിവ് പറഞ്ഞ് വിമർശനങ്ങളിൽ നിന്ന് രക്ഷപെടാനാണ് ഇവർ ശ്രമിക്കുന്നത്. അതേസമയത്ത് തന്നെ ‘‘ഇസ്‌ലാമിന്റെ വിശ്വാസ ആദർശങ്ങളെയും കർമ്മപദ്ധതികളെയും നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ് എന്നീ ആരാധനാ കർമ്മങ്ങളുടെ യാഥാർത്ഥ്യങ്ങളെയും ഇസ്‌ലാമിലെ ജിഹാദിനെയും യുക്തിപൂർവ്വം വിശദീകരിക്കുന്ന ഉത്തമഗ്രന്ഥം...’’ (പ്രബോധനം 1971 ഏപ്രിൽ) എന്നാണ് വില്പനയ്ക്കുള്ള പരസ്യവും.

അല്ലാഹുവിന്റെ ഭൂമിയിൽ അല്ലാഹുവിന്റെ ഭരണം എന്ന വാദത്തിന് ജനസമക്ഷത്തിൽ അർഹമായ സ്വീകാര്യത ലഭിക്കുന്നില്ലെന്ന് കണ്ടപ്പോൾ ഹുക്കൂമത്തെ ഇലാഹീ എന്ന പുന്നാര വാദം ഇഖാമത്തുദ്ദീൻ എന്ന മൂന്നാം ലോക വാദത്തിലേക്ക് മൗദൂദിസ്റ്റുകൾക്ക് വഴി മാറ്റേണ്ടി വന്നു. വ്യത്യസ്ത സാഹചര്യങ്ങളിൽ പ്രവർത്തിക്കുന്ന മുസ്‌ലിം നാടുകളിലെ ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ശൈലി ഇന്ത്യൻ സാഹചര്യത്തിൽ അനുയോജ്യമല്ലെന്ന് ബോധോദയമുണ്ടായ മൗലാനാ അബുല്ലൈസ് ഇസ്‌ലാഹി ആണ് ഇതിന് മുൻകൈ എടുത്തത് (ഇസ്‌ലാമിക വിജ്ഞാനകോശം, ഐ.പി.എച്ച് 1995, വാല്യം 1, പേജ് 515). ഭരണം പിടിച്ചെടുക്കൽ ആഹ്വാനം ചെയ്ത് രംഗപ്രവേശം ചെയ്തവർക്കു തന്നെ ഇതിന്റെ ദൂരവ്യാപക ഭവിഷത്തുകൾ കത്തിത്തുടങ്ങിയതായിരുന്നു ഈ ചുവട് മാറ്റത്തിന് മുഖ്യകാരണം. എന്നാൽ ഭരണഘടനയിലെ ഹുക്കൂമത്തെ ഇലാഹി എന്ന പരാമർശത്തെ ജമാഅത്ത് സംഘടനാ വിരോധികൾ ദുർവ്യാഖ്യാനം ചെയ്ത് വിവാദങ്ങൾ സൃഷ്ടിച്ചതാണ് ഈ കാലുമാറ്റത്തിന് കാരണമെന്ന് പറഞ്ഞ് വിജ്ഞാനകോശക്കാർ കൈകഴുകാൻ ശ്രമിക്കുന്നത് ഏറെ അപഹാസ്യമാണ്. ‘‘പ്രജാധിപത്യമായാലും ഏകാധിപത്യമായാലും ഫലത്തിൽ വ്യത്യാസമില്ല. രണ്ടും സൃഷ്ടികളുടെ ആധിപത്യം തന്നെ. തമ്പുരാക്കന്മാരുടെ എണ്ണത്തിൽമാത്രമാണ് വ്യത്യാസം. പ്രജാധിപത്യത്തിൽ ഒന്നിലധികം തമ്പുരാക്കന്മാർ ദിവ്യത്വം വാഴുകയും നിയമ വ്യവസ്ഥകൾ അവതരിപ്പിക്കുകയും ചെയ്യുന്നു. ഏകാധിപത്യത്തിലാകട്ടെ ഒരു ദൈവം തന്റെ മന്ത്രിമാരുടെയും ഉപദേഷ്ടാക്കളുടെയും സഹായത്തോടുകൂടി ദിവ്യത്വം നടത്തുന്നു. രണ്ടും ശിർക്ക് തന്നെ...’’ (ശിർക്ക് അഥവാ ബഹുദൈവത്വം, അമീൻ അഹ്സിൻ ഇസ്‌ലാഹി) എന്ന്

പ്രചരിപ്പിച്ചവരാണ് സംഘടനാവിരോധികൾക്കെതിരിൽ അപവാദങ്ങൾ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നത്.

പ്രവാചകന്മാർ പഠിപ്പിച്ച തൗഹീദിനെ അട്ടിമറിക്കാനായിരുന്നു മൗദൂദിയുടെ ശ്രമം. ആരാധന അല്ലാഹുവിന് മാത്രമെന്ന ലളിതമനോഹര ആശയത്തെ ദുർവ്യാഖ്യാനം കൊണ്ട് ഇവർ മുറിവേൽപ്പിച്ചു. മതേതര സർക്കാരുകളെയും അവയുടെ നിയമനിർദ്ദേശങ്ങളെയും അനുസരിക്കുന്നത് അല്ലാഹുവിന് പുറമെ മറ്റ് ഇലാഹുകളെ അംഗീകരിക്കുന്ന വിഗ്രഹ പൂജയ്ക്ക് സമാനമായ ഷിർക്കും കുഫ്റുമാണെന്ന മൗദൂദിയുടെ മൂന്നാംലോക വാദം അനുയായികൾ ഒന്നും കളയാതെ വിഴുങ്ങി. ഇസ്ലാമിക മൂല്യങ്ങളെ തെറ്റിദ്ധരിക്കാനും തകർക്കാനും ഇതിനപ്പുറം എന്തുവേണം?

''നിങ്ങൾ പരിശുദ്ധ ഖുർആനും തിരുസുന്നത്തും ആവിഷ്കരിച്ച ഇസ്ലാമിലാണ് യഥാർത്ഥത്തിൽ വിശ്വസിക്കുന്നതെങ്കിൽ, നിങ്ങൾ എവിടെയായിരുന്നാലും ശരി മതേതര-ഭൗതീക സിദ്ധാന്തത്തിൽ അധിഷ്ഠിതമായ ഈ ദേശീയ-ജനായത്തത്തെ പ്രതിരോധിക്കുകയും പകരം ദൈവവിശ്വാസത്തിൽ അധിഷ്ഠിതമായ അമാനുഷിക പ്രാതിനിധ്യത്തിന്റെ സ്ഥാപനാർത്ഥം സമരം ചെയ്യുകയും ചെയ്യേണ്ടത് നിങ്ങളുടെ ഒഴിച്ചുകൂടാനാവാത്ത കർത്തവ്യമാണെന്ന് ...'' പ്രഖ്യാപിച്ചവർ താഗൂത്തിന്റെ മെമ്പറന്മാരാകുവാനും അതിന്റെ ഭരണത്തിൽ പങ്കാളിത്വം വഹിക്കാനും കുഞ്ചികസ്ഥാനങ്ങൾ പിടിച്ചടക്കാനും ഒഴുക്കുന്ന വിയർപ്പിനും ചിലവഴിക്കുന്ന മഷിക്കും ഇന്ന് സമാനതകളില്ല. ഹുക്കൂമത്തെ ഇലാഹിയിൽ നിന്നും ഇഖാമത്തുദ്ദീനിലേക്കുള്ള ചുവടുമാറ്റത്തിന്റെ അനന്തിര ഫലമായിട്ടാണ് ഇതിനെ മനസ്സിലാക്കേണ്ടത്.

''മുസൽമാന്മാരെ സംബന്ധിച്ചിടത്തോളം ഞാൻ ഇതാ അവരോട് തുറന്ന് പ്രസ്താവിക്കുന്നു. ആധുനിക മതേതര ജനാധിപത്യം നിങ്ങളുടെ ഇസ്ലാമിനും ഈമാനിനും ഘടകവിരുദ്ധമാണ്. പ്രസ്തുത വ്യവസ്ഥിതിയുമായി ഇസ്ലാം യോജിക്കുന്ന ഒരു പോയിന്റുമില്ല. ആ വ്യവസ്ഥിതി വാഴുന്നിടേത്ത് ഇസ്ലാം വെറും ജലരേഖയായിരിക്കും'' (ജമാഅത്തെ ഇസ്ലാമി സന്ദേശം-മൗദൂദി). മൗദൂദിയുടെ ഈ തീവ്രനയങ്ങളെ കണ്ണടച്ച് വിഴുങ്ങുന്ന നയമായിരുന്നു കേരളത്തിലെ മൗദൂദിസ്റ്റുകളും പിൻതുടർന്നിരുന്നത്. പഴയകാല പ്രബോധനങ്ങൾ ഇതിന് മുഖ്യതെളിവാണ്.

ജനാധിപത്യ മതേതര സംവിധാനങ്ങൾക്കെതിരിൽ ഏത് പരിതസ്ഥിതിയിലും മുസ്ലിംകൾ സമരം നടത്തണമെന്ന മൗദൂദിയൻ ആഹ്വാനം, തീവ്രവാദത്തിന്റെ പടികൾ കടന്ന് ഭീകരവാദത്തിലേക്കുള്ള മുന്നേറ്റമായിരുന്നു. കന്യാകുമാരി മുതൽ കാശ്മീർ വരെ നീളുന്ന ഇന്ത്യയിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും ഇത് ഉയർത്തിവിട്ട പരിഹാരമില്ലാത്ത ഭവിഷത്തുകൾ അനുഭവിക്കുന്നവരാണല്ലോ നാം. സമാധാനത്തിന്റെ സന്ദേശമായി ഇസ്ലാമിനെ പരിചയപ്പെടുത്താൻ മുഖ്യധാരാ പ്രബോധകർ വിയർപ്പൊഴുക്കുമ്പോൾ ഭീകരതയുടെ സന്ദേശമായി ഇസ്ലാമിനെ പരിചയപ്പെട്ടവരുടെ ശബ്ദമാണ് ലോകത്ത് ഉയർന്ന് കേൾക്കുന്നത്. വടികൊടുത്ത് അടിവാങ്ങിയ ദൗർഭാഗ്യവാന്മാരുടെ ഗണത്തിൽ നാം ഉൾപ്പെട്ടതിന്റെ ഉത്തരവാദികൾ ഇഖ്വാനീ-മൗദൂദികൾ തന്നെ.

''ഇന്ത്യയുടെ മോചനം ഇസ്ലാമിലൂടെ'' എന്ന് ചുവരെഴുത്ത് നടത്തിയ 'സിമി'ക്കുട്ടികൾ യഥാർത്ഥ മൗദൂദിസം ഉൾക്കൊണ്ട റിയൽ ശിഷ്യന്മാരായിരുന്നു. 'ഇസ്ലാമിന്റെ നാശം ഇന്ത്യയിൽ തന്നെ'യെന്ന് മറുപക്ഷം ഈ കുഞ്ഞാടുകൾക്ക് തിരിച്ചടിച്ചു. ന്യൂനപക്ഷത്തിനെതിരിൽ ഭൂരിപക്ഷ വർഗ്ഗീയതയെ ഇളക്കിവിടാൻ മാത്രമേ ബുദ്ധിശൂന്യമായ ഈ ചുവരെഴുത്തുകൾ ഉപകരിച്ചിട്ടുള്ളൂ. മൗദൂദിയുടെ നിലപാടുകൾ അതേപടി ഉൾക്കൊള്ളാൻ വെമ്പൽകാട്ടിയ സിമിക്കുട്ടികളുടെ വ്യഗ്രതയും ആവേശവും ജമാഅത്തിന് ഭാരവും തലവേദനയും സൃഷ്ടിച്ചു. നിയന്ത്രണം വിട്ട യുവാക്കളുടെ നിലപാടുകൾ അവസാനം തീരാ ഭാരം വലിച്ചുവെക്കുമെന്ന ബോധമുയർന്നപ്പോൾ സിമിക്കുട്ടികളെ തള്ളിപ്പറയാനും ജമാഅത്തിന്

സ്വന്തം നിലയിൽ യുവജനപ്രസ്ഥാനത്തിന് എസ്.ഐ.ഒ എന്ന പേരിൽ രൂപം നൽകാനും ജമാഅത്ത് കേന്ദ്രങ്ങൾ നിർബന്ധിതരായി. യുവജനങ്ങളെ സംഘടിപ്പിക്കാനോ നയിക്കാനോ കൊള്ളുന്ന സംഘടനയല്ല ജമാഅത്തെ ഇസ്‌ലാമിയെന്ന സിമിയൻ വാദഗതിക്ക് മറുപടിയായിട്ടാണ് എസ്.ഐ.ഒ സ്ഥാപിച്ചതെന്നും, ജമാഅത്തിന്റെ രക്ഷാകർതൃത്വത്തിന്റെ വരണ്ട ചങ്ങലയിൽ ജീവിതം ഹോമിക്കാനേ യുലതലമുറക്ക് സാധിക്കൂ എന്ന സിമിക്കുട്ടികളുടെ വാദങ്ങൾക്ക് മറുപടി പറഞ്ഞുകൊണ്ടുമാണ് എസ്.ഐ.ഒ 1985 ൽ ഒന്നാം വാർഷികം ആഘോഷിച്ചതുതന്നെ. (പ്രബോധനം മാസിക 1985–മാർച്ച്).

മുതിർന്നവരുടെ അനുഭവ പാഠങ്ങളെയും പക്വമായ നേതൃത്വത്തെയും ചരിത്രത്തിന്റെ ചവിട്ടുകൊട്ടയിലേക്ക് വലിച്ചെറിഞ്ഞവർ അന്ധമായ ആവേശാഗ്നിയിൽ ആഹുതി ചെയ്ത് സ്വയം കരിക്കട്ടകളായി മാറുകയേ ചെയ്തിട്ടുള്ളൂവെന്ന് സിമിക്കുട്ടികൾക്ക് ഇതേ പ്രബോധനം താക്കീത് നൽകുന്നു. പരിപക്വവും പ്രായോഗികവുമായ ലൈനുകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മുതിർന്ന പ്രസ്ഥാനങ്ങളെ തള്ളിപ്പറയുന്ന യുവജനപ്രസ്ഥാനങ്ങൾ, ചരിത്രത്തിന്റെ ചുവരെഴുത്ത് വായിക്കാൻ കൂട്ടാക്കാത്തവർ, ഏത് ആദർശക്കാരായാലും ശരി ഇന്നല്ലെങ്കിൽ നാളെ ചരിത്രത്തിന്റെ കനത്ത ശിക്ഷ ഏറ്റുവാങ്ങുമെന്ന് ഒന്നാം വാർഷികം സിമിക്ക് മുന്നറിയിപ്പ് നൽകി. അതിനാൽ, ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ വിവേകപൂർണമായ മാർഗദർശനത്തിലൂടെ, പിഴച്ചനേതൃത്വങ്ങളാൽ നയിക്കപ്പെടുന്നതിനും നേതൃത്വമില്ലാതെ അപചയത്തിലും ആപൽഗർത്തത്തിലും സ്വയം ചെന്ന് ചാടുന്നതിനുമെതിരായ ബലിഷ്ഠമായ രക്ഷാകവചം ധരിച്ചവരാണ് എസ്.ഐ.ഒ പ്രവർത്തകരെന്ന് എഡിറ്റോറിയൽ അവകാശപ്പെടുന്നുണ്ട്. (പ്രബോധനം 1985– മാർച്ച്).

ഏറെ വിശദീകരണം ആവശ്യമില്ലാതെ പകൽപോലെ സുവ്യക്തമായ ഒരു സത്യം ജമാഅത്ത് നേതൃത്വം ഇവിടെ സമ്മതിച്ചിരിക്കുന്നു. വിവേകരഹിതർ ഉയർത്തിവിടുന്ന അപക്വമായ വാദഗതികൾ അവസാനം സ്വയം നശിക്കാനേ ഇടവരൂ എന്ന പരമസത്യം. ഈ തിരിച്ചറിവാണ് ഇവരെ ഹുകൂമത്തെ ഇലാഹിയിൽ നിന്നും ഒരുവേള കരകയറി ഇഖാമത്തുദ്ദീനിലെത്താൻ പ്രേരിപ്പിച്ചത്.

കേഡർ പാർട്ടികളെ പോലും പിന്നിലാക്കിക്കൊണ്ട് അരനൂറ്റാണ്ടിലധികമായി ഇന്ത്യയിൽ പ്രവർത്തിക്കുന്ന ജമാഅത്തെ ഇസ്‌ലാമി നാടിനും സമുദായത്തിനും നൽകിയ സംഭാവന എന്താണ്? സമൂഹത്തിന് മുന്നിൽ ഇസ്‌ലാമിനെ ഏറെ തെറ്റിദ്ധരിപ്പിക്കാൻ കഴിഞ്ഞുവെന്നതാണ് മിച്ചം. വാമൊഴിയായി വരമൊഴിയായി ഇവ വിറ്റ് കീശവീർപ്പിക്കാൻ സാധിച്ചുവെന്നത് മറ്റൊരു മുഖ്യനേട്ടം. കുറുവടിയും കാക്കിനിക്കറും ധരിച്ച് പഠനശിബിരങ്ങളിലും മറ്റും പങ്കെടുത്ത് ഇസ്‌ലാമിനെതിരിൽ ആവേശമുൾക്കൊള്ളാൻ തയ്യാറെടുക്കുന്ന സ്വയം സേവകന്മാർക്ക്, ഇസ്‌ലാമിനെതിരിൽ ഉത്തേജനം നൽകുന്നതിനുള്ള വയാഗ്രകളായി ഖുത്തുബാത്ത് ഉൾപ്പെടെയുള്ള മൗദൂദിയൻ ഗ്രന്ഥങ്ങൾ അവർ ഉപയോഗപ്പെടുത്തുന്നുണ്ട്. ഇത് അനിഷേധ്യമായ ഒരു സത്യമാണ്.

നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ് തുടങ്ങിയ നിർബന്ധ കർമ്മങ്ങൾ ഭരണം സ്ഥാപിക്കാനുള്ള പരിശീലനങ്ങളാണെന്നാണ് മൗദൂദി ഖുത്തുബാത്തിൽ വിശദീകരിച്ചത്. പള്ളികൾ അതിനുള്ള കേന്ദ്രങ്ങളാണെന്ന് മൗദൂദി ഊന്നിപ്പറഞ്ഞു. അപ്പോൾ അഞ്ച് സമയത്തെ സംഘടിത പ്രാർത്ഥനയ്ക്കായി മസ്ജിദിലേക്ക് പോകുന്ന മുസ്‌ലിമും, ഹജ്ജിന് വേണ്ടി ഹറമിലേക്ക് തിരിക്കുന്നവരുമെല്ലാം, ഭരണം പിടിച്ചെടുക്കുവാനുള്ള പരിശീലനം നേടാനുള്ള പരിപാടിക്കാണെന്ന് മനസ്സിലാക്കുന്ന ഒരു അമുസ്‌ലിം, ക്രമേണ മുസ്‌ലിംവിരുദ്ധനും പിന്നീട് തീവ്രവാദിയുമായി പരിണാമം സംഭവിക്കുന്നുവെങ്കിൽ അവരെ കുറ്റം പറയുന്നതിന്റെ ഫലം എന്ത്? ഈ കുറ്റം പറച്ചിലിനെക്കാളും ഒരു സ്വയം തിരുത്തലിന് തയ്യാറാകലാണ് ഇന്നിന്റെ ആവശ്യം. മൗദൂദിസം മരവിപ്പിച്ച ഹൃദയങ്ങൾക്ക് ഈ വരികൾ ഒരുവേള പുനർവിചിന്തനത്തിന് വഴിതെളിക്കുമെന്ന് ആശിക്കുകയാണ്.

കേരളത്തിലെ മസ്ജിദുകളും മദ്രസകളും മറ്റ് കേന്ദ്രങ്ങളുമെല്ലാം ഭീകരതാവളങ്ങളാണെന്ന് ചിലർക്കെങ്കിലും പറയാനും എഴുതാനും അവസരം സൃഷ്ടിച്ചത് ഇത്തരം ക്ഷുദ്രകൃതികളാണെന്ന് നാം മറക്കാതിരിക്കുക. കൂടുതൽ ഉദാഹരണങ്ങൾക്ക്: കേരളം ഭീകരരുടെ സ്വന്തം നാട്- ദീപക് ധർമ്മടം, ഇൻഡോളജിക്കൽ ട്രസ്റ്റ്, കോഴിക്കോട്-5, പ്രിന്റ് 2005. എന്ന കൃതി വായിക്കുക.

സാധാരണക്കാർക്ക് മനസ്സിലാകാത്ത നിഘൂഢതകളടങ്ങിയ രഹസ്യപുസ്തകങ്ങൾ (അപ്പോക്രിഫ) അവശേഷിക്കുന്ന ഏക മതവിഭാഗം ഇന്ന് മൗദൂദിസം മാത്രമാണ്.